ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പൊന്നുംവില നടപടികളുടെ ഭാഗമായി വസ്തു ഉടമകൾക്ക് നഷ്ടപരിഹാരം കൊടുത്തു സ്ഥലമെടുക്കുന്നതിന് 20 ലക്ഷം രൂപ റവന്യൂ അധികാരികൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആവശ്യമായ സ്ഥലം കിട്ടുന്ന മുറക്ക് ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതാണ്.

61 (2752) തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിന്റെ ടെണ്ടർ

പ്രൊ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിന്റെ ടെണ്ടർ എന്നാണ് വിളിച്ചത്;

(ബി) പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ ആരെല്ലാമാണ്;

(സി) പ്രസ്തുത ടെണ്ടർ എത്ര ശതമാനം കൂട്ടി എന്തു തുകയ്ക്ക് ഏതു കോൺട്രാക്ടർക്കാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുതപണിയുടെ എഗ്രിമെന്റ് എന്നാണ് വച്ചതെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ആവശ്യപ്പെട്ടതെന്നും വെളിപ്പെടുത്തുമോ;

(ഇ) 1999 ജൂൺ 5-ാം തീയതി വരെ ഈ പണിക്ക് എന്തു തുക കോൺട്രാക്ടർക്ക് നൽകി എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഷട്ടർ നിർമ്മാണത്തിനു കോൺട്രാക്ട് നൽകിയതിലും പണിയുടെ നടത്തിപ്പിലും അഴിമതി നടന്നുവെന്ന പരാതിയെക്കുറിച്ച് വിജിലൻസ് അന്വേഷണത്തിനു തയാറാകുമോ?

ഉത്തരം

(എ) 3.3.98 ൽ.

(ബി) താഴെ പറയുന്ന കരാറുകാർ പങ്കെടുത്തു:-

1. തോട്ടുങ്കൽ കോർപ്പറേഷൻ, ചിറ്റൂർ റോഡ്, കൊച്ചി -16
2. ജെ.ആന്റ് ബി ഹെവി എഞ്ചിനീയറിംഗ് വർക്സ് കുറ്റൂർ, തിരുവല്ല.
3. സി.വി. ആന്റ് കമ്പനി, പി.ബി. നം 2305, കൊച്ചി-16.
4. സിൽക്ക്, അഴിക്കൽ, കണ്ണൂർ -9
5. സിൽക്ക്, പി.ബി നം. 1, എസ്.എൻ. പുരം, ചേർത്തല, 688582
6. ജേക്കബ്സ് എഞ്ചിനീയറിംഗ് വർക്സ്, ശ്രീകാര്യം, തിരുവനന്തപുരം.
7. കെൽ, മാമല, കൊച്ചി - 682305

(സി) മേൽപറഞ്ഞ കരാറുകാരിൽ ഏറ്റവും കുറഞ്ഞ തുകയും എസ്റ്റിമേറ്റ്സ് തുകയേക്കാൾ 19.5% കൂട്ടി 2,16,49,065 രൂപക്ക് ക്വാട്ട് ചെയ്ത കൊച്ചിയിലെ തോട്ടുങ്കൽ കോർപ്പറേഷനാണ് നൽകിയത്. ടെണ്ടർ എക്സസ്

LIBRARY ARCHIVES Kerala Legislative Assembly

(Tender Excess) 25% ൽ താഴെ ആയതിനാൽ ഇക്കാര്യത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് തീരുമാനം എടുത്തത്.

(ഡി) 23.10.1998 നാണ് പണിയുടെ എഗ്രിമെന്റ് വച്ചത്. ആകെയുള്ള 28 ഷട്ടറുകളിൽ 8 ഷട്ടറുകളുടെ മാറ്റിസ്ഥാപിക്കൽ 10.12.98 ന് മുമ്പായൂർ ബാക്കിയുള്ള 20 ഷട്ടറുകളുടെ മാറ്റി സ്ഥാപിക്കൽ ഓർഡർ ലഭിച്ച് 6 മാസത്തനുള്ളിലും പൂർത്തീകരിക്കാനാണ് ആവശ്യപ്പെട്ടിരുന്നത്.

(ഇ) 1,49,37,164/ രൂപ.

(എഫ്) ഇത് സംബന്ധിച്ച് കർഷക സംരക്ഷണ വേദി നൽകിയ ഒരു പരാതി വിജിലൻസ് വകുപ്പിനു കിട്ടിയിരുന്നു. വിജിലൻസ് വകുപ്പു അന്വേഷണത്തിനും ഉചിതമായ നടപടിക്കുമായി ജലസേചനവകുപ്പിൽ അയച്ചുതരികയുണ്ടായി. പ്രസ്തുത പരാതിയിലെ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനു ഫൈനാൻസ് ഡിപ്പാർട്ടുമെന്റിലെ ചീഫ് ടെക്നിക്കൽ എക്സാമിനറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

62 (2753) കേരള വാട്ടർ അതോറിറ്റിയിൽ കരാറടിസ്ഥാനത്തിൽ ചെയ്യിക്കുന്ന പണികൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ കരാറാടിസ്ഥാനത്തിൽ പണികൾ ചെയ്യിക്കുന്നത് പി.ഡബ്ല്യു.ഡി മാനുവലും കോഡുകളും അനുസരിച്ച് ആണോ;

(ബി) എങ്കിൽ ചട്ടങ്ങൾക്കു വിരുദ്ധമായും നിയമവിരുദ്ധമായും ഇതു സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകൾ വാട്ടർ അതോറിറ്റിയിൽ നിലവിൽ വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ചട്ട വിരുദ്ധമായ നിബന്ധനകൾ കാരണം ഈ സ്ഥാപനത്തിലെ പണികൾ സ്തംഭിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അതെ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

63 (2754) റിഗ്ഗുകൾ വാങ്ങുന്നതിന് ടെൻഡർ

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly